പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 357** **10.04.2013-ൽ മറുപടിയ്ക്ക്**

## മാർക്കറ്റുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി. മമ്മൂട്ടി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | നഗരപ്രദേശങ്ങളിലെ മാർക്കറ്റുകൾ നവീകരിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഇതിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് അതാത് നഗരസഭകളാണ്. സാങ്കേതിക സാമ്പത്തിക സഹായങ്ങൾ സർക്കാരിൽ നിന്നും നൽകാവുന്നതാണ്. |
| (ബി) | മാർക്കറ്റുകളിലെ മാലിന്യങ്ങളും മലിനജലവും സംസ്കരിക്കാൻ കാര്യക്ഷമമായ സംവിധാനം എല്ലാ മാർക്കറ്റുകളിലും ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ; | (ബി) | മാർക്കറ്റുകളിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ അവിടെ തന്നെ ബയോഗ്യാസ് പ്ളാന്റുകൾ ഉൾപ്പെടെയുള്ള സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് സംസ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ നഗരസഭകൾക്കും നൽകിയിട്ടുണ്ട്. |
| (സി) | ശുചിത്വവും ആധുനിക സൗകര്യങ്ങളുള്ളതുമായ ഉപഭോക്തൃ സൗഹൃദ മാർക്കറ്റുകൾ എല്ലാ നഗരങ്ങളിലും ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ? | (സി) | അത്തരത്തിൽ പദ്ധതികൾ നഗരസഭകൾ മുന്നോട്ടുവച്ചാൽ സർക്കാർ അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി കൈകക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ